സുപ്രഭാതം 05 May 2024

# സമുദ്രോപരിതലത്തിലെ ചൂട്: മത്സ്യലഭ്യതയെ സാരമായി ബാധിച്ചു

## മുന്നറിയിപ്പുമായി വിദഗ്ധർ

**കൊച്ചി** ▶ സമുദ്രോപരിതലത്തിലെ ചൂട് വർധിക്കുന്നത് മത്സ്യസമ്പത്തിന്റെ ലഭ്യതയെ സാരമായി ബാധിക്കുന്നുണ്ടെന്ന് സി.എം.എഫ്.ആർ.ഐയിലെ വിദഗ്ധർ. വാണിജ്യപ്രധാനമായ പല മത്സ്യങ്ങളും ചൂട് കുറഞ്ഞ ഭാഗങ്ങളിലേക്ക് പലായനം ചെയ്യുന്നതാണ് കാരണം. ചൂട് ഉൾനാടൻ ജലാശയങ്ങളിലെ ഓക്സിജൻ അളവ് കുറക്കുന്നുണ്ട്. ഇത് മത്സ്യങ്ങൾ ചാകുന്നതിനും രോഗബാധ കൂടുന്നതിനും വഴിവയ്ക്കുന്നുണ്ടെന്നും അവർ വിശദീകരിച്ചു.

പ്രത്യാഘാതങ്ങളെ കുറിച്ച് മത്സ്യത്തൊഴിലാളികൾക്കിടയിൽ നടത്തിയ ബോധവൽകരണ പരിപാടിയിലാണ് വിദഗ്ധർ മുന്നറിയിപ്പ് നൽകിയത്. കാലാവസ്ഥാ വ്യതിയാനത്തിന് പിന്നിലെ ശാസ്ത്രം, മത്സ്യബന്ധനത്തിലെ പ്രത്യാഘാതങ്ങൾ, മത്സ്യത്തൊഴിലാളികളുടെ ഉപജീവനത്തിൽ ആഘാതം കുറയ്ക്കുന്നതിനുള്ള മാർഗങ്ങൾ എന്നിവ വിശദീകരിച്ചു.